## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3604** — 20.06.2019-ൽ മറുപടിയ്ക്ക്

### <u>ഏറനാട് താലൂക്കിലെ ഫെയർവാല്യൂ സംബന്ധിച്ച എസ്.ആർ.ഒ.</u>

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. എം. ഉമ്മർ** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | മഞ്ചേരി മണ്ഡലത്തിലെ ഏറനാട് താലൂക്ക് പ്രദേശങ്ങളിലെ ഫെയർവാല്യൂ സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനായി എസ്.ആർ.ഒ. പുറപ്പെടുവിക്കാൻ ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചെങ്കിലും നാളിതുവരെയും ആയത് പ്രസിദ്ധീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) & (ബി) | ഏറനാട് താലൂക്കിലെ മഞ്ചേരി, നറുകര വില്ലേജുകളിലെ ഫെയർവാല്യൂ സംബന്ധമായി 01.06.2018, 23.02.2019 തീയതികളിൽ ലഭിച്ച അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുന്നതിനുള്ള ഒറിജിനൽ മാറ്റർ, യഥാക്രമം 1448/18, 468/19 എന്നീ അസാധാരണ ഗസറ്റ് നമ്പരുകളിൽ 28.07.2018, 16.05.2019 തീയതികളിൽ പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത എസ്.ആർ.ഒ. പ്രിന്റ് ചെയ്യുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ എന്നാണ് അത് പ്രസ്സിൽ ലഭ്യമാക്കിയത്; വിശദമാക്കാമോ; | | |
| (സി) | ഈ എസ്.ആർ.ഒ. പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് കളക്ടർ പ്രത്യേക നിർദ്ദേശം നൽകിയിരുന്നോ; ഉണ്ടെങ്കിൽ കളക്ടർ നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |
| (ഡി) | ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രസ്തുത എസ്.ആർ.ഒ. എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ? | (ഡി) | പ്രസ്തുത എസ്.ആർ.ഒ 28.07.2018, 16.05.2019 തീയതികളിൽ യഥാക്രമം 1448/18, 468/19 അസാധാരണ ഗസറ്റ് നമ്പരുകളിലായി പ്രസിദ്ധം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ